ശുഭപ്രതീക്ഷാഭരിതമായ ഒരു ഭ്രാന്തൻ സ്വപ്നം

നിരഞ്ജൻ

ശുഭപ്രതീക്ഷാഭരിതമായ ഒരു ഭ്രാന്തൻ സ്വപ്നം
നിരഞ്ജൻ
(മലയാളം: കവിത)

© 2022, Niranjan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Orpheus, a painting by Odilon Redon. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 ശുഭപ്രതീക്ഷാഭരിതമായ ഒരു ഭ്രാന്തൻ സ്വപ്നം 4

2 അത്യധികം അശ്ലീലമായ ഒരു സെന്റർ സ്പ്രെഡ് കവിത 5

3 പ്രണയത്തിന്റെ വിദ്യുത് തത്സമം 6

4 ശംഖുമുഖം കടപ്പുറത്തു നിന്ന് 60 നോട്ടിക്കൽ മൈൽ ഇപ്പുറം 7

1

ശുഭപ്രതീക്ഷാഭരിതമായ ഒരു ഭ്രാന്തൻ സ്വപ്നം



കയ്യില്ലാത്തതെന്ന്
ഒരു കിളി മധുരിച്ചുപാടുന്ന
കാഞ്ഞിരമരത്തിൽ നിന്ന്
കൊളുത്തുപൊട്ടിവന്ന
കവിതയുടെ കാൽച്ചങ്ങല
മുറിവുനീറ്റങ്ങളിൽ ഇഴയുമ്പോഴും
കിലുങ്ങുന്നതുകേൾക്കും

കട്ടുറുമ്പുകളെപ്പോലെ
സ്വപ്നത്തിലെ കറുത്ത സെക്കന്റുകൾ
ഒന്നിനുപിറകെ ഒന്നായി
വരിയിൽ നടന്നുപോവുന്നതുകാണും
എണ്ണിക്കൊണ്ടിരിക്കും

കല്ലുരുട്ടിക്കൊണ്ട്
പതിവായി കനം തൂങ്ങി
മല കയറിക്കൊണ്ടിരിക്കുന്ന ഹൃദയം
കിതച്ചുകിതച്ചുകൊണ്ട്
ലബ്ബെന്നും ഡബ്ബെന്നും മിടിക്കുന്നത്
ഇടത്തെന്നുള്ള വേദന
വലത്തെന്നുള്ള വേദനയോ
തിരിച്ചോ ആവുന്നതിലെ ആഹ്ലാദം
ഉടുക്കുകൊട്ടുന്നതാണെന്നൊക്കെ തോന്നും

മുകളിലെത്തും
കൈവിട്ടുകളയും
കൈകൊട്ടിച്ചിരിക്കും
ഉണരും...!

2

അത്യധികം അശ്ലീലമായ ഒരു സെന്റർ സ്പ്രെഡ് കവിത



ഹോ... ചേട്ടാ...
അങ്ങനീമിങ്ങനീം
നോക്കിപ്പേടിപ്പിക്കാതെ...!

ആതിരക്കളിരോടന്ന
വൃത്തത്തിൽ കളിച്ചതാണ്
സെറ്റുമുണ്ടുടുത്തതാണ്

ഓണത്തിന്, പെരുന്നാളിന്, ക്രിസ്മസിന്,
പറഞ്ഞ പോലൊക്കെത്തന്നെ
താളത്തിലാടിയതാണ്

ഇനിയെങ്കിലും എനിക്കു തോന്നുമ്പോലിരുന്നോട്ടെ
ഛന്ദസ്സിൻ പുറത്തേക്കൊന്ന്
കാൽമുട്ട് നിവർത്തട്ടെ
മാത്ര തെറ്റാതെ നോക്കി കഴച്ചുനീറുന്ന
ഈ നോട്ടമൊന്നയച്ചോട്ടെ

നടുപ്പേജിലിരുന്നെങ്കിലും
പണ്ടുണ്ണിമേരിയെ സീമയെ ഷക്കീലയെ
കണ്ണുകൊണ്ടുറുത്തപോൽ
പെർവെർഷം വർഷിക്കാതെ
നിങ്ങടെ പെങ്ങളെപ്പോലെനിക്കും
പേരുണ്ടല്ലോ! പി. കവിത ബി. ഏ
'മാതൃഭാഷായിൽ' :-) തന്നെ
- - - - v v v v v - - v - - v - -
(അതു് മന്ദാക്രാന്തയാ...
മനസ്സിലായോ വൃത്തം...?)
ആക്രാന്തമൊട്ടും വേണ്ട
മന്ദമായ് ഗമിച്ചാട്ടെ...!

3

പ്രണയത്തിന്റെ വിദ്യുത്

തത്സമം

110 കെ. വി ലൈനിലെ
രണ്ടു കമ്പികളിലിരിക്കുന്ന
രണ്ടു പക്ഷികൾക്ക്
പരസ്പരം കൊക്കുരുമ്മാനുള്ള
ആ ഒരു തോന്നലിന്റെ
വോൾട്ടേജിലാണ്
പ്രണയം അളക്കപ്പെടുന്നത്...!

4

ശംഖുമുഖം കടപ്പുറത്തു നിന്ന് 60 നോട്ടിക്കൽ മൈൽ ഇപ്പുറം



നിന്റെ കാൽവിരൽ തൊട്ട
ഈ കടൽ മുറിച്ച് കടന്നുപോവുമ്പോൾ
മണൽത്തരിനീറ്റമുള്ള ഒരു മുറിവു ബാക്കിയാക്കി
നെഞ്ചിൽ നിന്നൊരു തിര
വിഷാദത്തിന്റെ ഇരുണ്ട നീലയിലേക്ക്
പിൻവലിഞ്ഞുപോവുന്നുണ്ട്...

നഷ്ടപ്പെട്ട നങ്കൂരങ്ങൾ തുരുമ്പിച്ചടിഞ്ഞ
ആഴമില്ലാതെ അടഞ്ഞുപോയ
ഒരു തുറമുഖത്തിന്റെ
പഴയ വിളക്കുമാടത്തിന്
വെറുതേ കാവലിരിക്കുന്ന
നരച്ച കുപ്പായമിട്ട ജീവിതം
ചോറ്റുപാത്രവുമായെത്തുന്ന
ഒരു ആഹ്ലാദത്തെ കാത്തിരിക്കുന്നതുപോലെ
പച്ചയുടെ തീരത്തുനിന്നും
നീ വെളിച്ചത്തിന്റെ തൂവാല വീശുമെന്ന്
ഞാനും പ്രതീക്ഷിക്കുന്നുണ്ട്

പക്ഷേ...
പരാജയങ്ങളുടെ കപ്പൽച്ചേതങ്ങളാലും
പലായനങ്ങൾ ഉപേക്ഷിച്ചിട്ട
പടക്കോപ്പുകളാലും
അടയാളപ്പെടുത്തപ്പെട്ട
പുരാതനമായൊരു കടൽപ്പാതയിലൂടെ
ദുർബലമായ സൈറൺ മുഴക്കി
അകന്നകന്ന്... അകന്നകന്ന് പോകുന്ന
ഈ കപ്പലിൽ ഞാനുണ്ടെന്ന്
നീയെങ്ങനെ അറിയാനാണ്...!?

നിരഞ്ജൻ

പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം. മറൈൻ എൻജിനീയർ, വിവാഹിതൻ.

ചിത്രങ്ങൾ: പോൾ ക്ലീ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.